# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 596 7.1.2014- ലെ മറുപടിക്ക്

## സ്വർണ്ണവ്യാപാരം വഴിയുള്ള നികുതി

| | ചോദ്യം<br>ശ്രീ. സാജു പോൾ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വർണ്ണവിപണിയിലെ വിലനിലവാരം 'കേരള ഗോൾഡ് ബോർഡ്' നിർണ്ണയിക്കുമെന്ന ജ്വല്ലേഴ്സ് ഫെഡറേഷന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | സ്വർണ്ണത്തിന്റെ വില, നികുതിചോർച്ച തുടങ്ങിയ കാര്യങ്ങളിൽ വാണിജ്യ നികുതി വകുപ്പ് ഗഹനമായ പഠനങ്ങൾ വല്ലതും നടത്തിയിട്ടുണ്ടോ ; | (ബി) | സ്വർണ്ണത്തിന്റെ വില, നികുതി ചോർച്ച ഉൾപ്പെടെ സംസ്ഥാനത്തെ സ്വർണ്ണ വ്യാപാരമേഖലയിലെ നികുതി ഘടന പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനം പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് ഇപ്പോൾ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. |
| (സി) | സ്വർണ്ണവ്യാപാരം നാൾക്കുനാൾ വർദ്ധിക്കുന്തോറും സ്വർണ്ണനികുതി | (സി) | സ്വർണ്ണത്തിന്റെ കാര്യത്തിൽ മറ്റുല്പന്നങ്ങളുടേതു പോലെ നികുതിവരുമാനവും വിറ്റുവരവുമായി താരതമ്യപ്പെടുത്തുന്നത് ഉചിതമല്ല. |

| | | | |
|---|---|---|---|
| | വരുമാനത്തിൽ അത് പ്രതിഫലിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;<br><br>വിശദമാക്കുമോ ? | | കേരളത്തിലെ വൻകിട സ്വർണ്ണ വ്യാപാരികൾ മിക്കവരും കോമ്പൗണ്ടിംഗ് രീതിയിൽ നികുതി ഒടുക്കുന്നവരാണ്.<br><br>കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ കഴിഞ്ഞ വർഷത്തെ വിറ്റ് വരവ് അനുസരിച്ചാണ് വ്യാപാരികൾ നികുതി വരവ് ഒടുക്കേണ്ടത്. അതുകൊണ്ട് തന്നെ നടപ്പ് വർഷത്തെ വിറ്റ് വരവ് കുറഞ്ഞാലും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നില്ല. ഇക്കാരണത്താൽ മറ്റുൽപന്നങ്ങൾക്കുണ്ടാകുന്ന ടേണോവർ വർദ്ധനവും അതുമൂലം ലഭിക്കുന്ന നികുതി വർദ്ധനവും സ്വർണ്ണത്തിന്റെ കാര്യത്തിൽ ബന്ധപ്പെടുത്താവുന്നതല്ല. ആകർഷകമായ ടി വ്യവസ്ഥയിലൂടെ ഈ മേഖലയിൽ നിന്നും ഗണ്യമായ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നികുതി പിരിവിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ഇത് സാധൂകരിക്കുന്നു.<br>2010-11, 2011-12, 2012-13 വർഷങ്ങളിൽ ആഭരണമേഖലയിൽ നിന്നും ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു<br><br>വർഷം - തുക (കോടിയിൽ)<br>2010-11 - 225.40<br>2011-12 - 302.20<br>2012-13 - 393.54 |

സെക്ഷൻ ഓഫീസർ